ആഭ്യന്തര വിഭവസമാഹരണത്തിൽ സാരമായ കുറവുണ്ട്. 1999-2000-ലെ താൽക്കാലിക വാർഷിക കണക്ക് അനുസരിച്ച് 838.68 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടപ്പത്ര വില്പനയിലൂടേയും കടമെടുത്തെങ്കിലും മൂലധന നിക്ഷേപം 708.78 കോടി രൂപയായിരുന്നു. ഭരണച്ചെലവ് നടത്താൻ മാത്രമായി വായ്പ എടുക്കാറില്ല. മൂലധന ചെലവുകൾക്കാണ് വായ്പ എടുക്കാറുള്ളത്. മേല്പറഞ്ഞ കാരണങ്ങളാൽ ഒരു ഭാഗം റവന്യൂ ചെലവിനായും വിനിയോഗിക്കേണ്ടതായി വന്നിട്ടുണ്ട്.

(ഡി) 1999-2000-ലെ ബോർഡിന്റെ താല്ക്കാലിക വാർഷിക കണക്ക് പ്രകാരം 462.02 കോടി രൂപയാണ് ഒരുവർഷത്തെ മൊത്തം പലിശച്ചെലവ്.

വിദ്യുച്ഛക്തി വകുപ്പിന്റെ വായ്പ

105 (330) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2000-ലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പ എത്രയാണ് ;

(ബി) കെ.എസ്.ഇ.ബി.ക്ക് ഒരു വർഷം പലിശയിനത്തിൽ വരുന്ന ബാദ്ധ്യത എത്രയാണ് ?

ഉത്തരം

(എ) ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് 31-12-2000 വരെ ബോർഡിന് 4015.33 കോടി രൂപയുടെ കടബാദ്ധ്യത ഉണ്ട്.

(ബി) ബോർഡിന്റെ 2000-2001-ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 531.42 കോടി രൂപയാണ് ഈ വർഷം ധനകാര്യസ്ഥാപനങ്ങളുടെ പലിശ ഇനത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ളത്.

വിദ്യുച്ഛക്തി വകുപ്പിന്റെ വായ്പ

106 (331) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനവൈദ്യുതി ബോർഡിന് വായ്പ വാങ്ങാവുന്ന തുകയുടെ പരിധി എത്രയായിരുന്നു ;

(ബി) അന്ന് സംസ്ഥാന വൈദ്യുതി ബോർഡിന് വാങ്ങിയിരുന്ന വായ്പയെത്രയായിരുന്നു ;

(സി) അന്ന് പലിശയിനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു വർഷത്തെ ചിലവെത്രയായിരുന്നു ;

(ഡി) ഇപ്പോൾ വൈദ്യുതി ബോർഡിന് വായ്പ വാങ്ങാവുന്ന തുകയുടെ പരിധിയെത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വൈദ്യുതി ബോർഡിന്റെ ഇപ്പോഴത്തെ മൊത്തം കടം എത്രയാണ് ;

(എഫ്) ഇൻഡ്യയ്ക്കകത്തുള്ള ഓരോ ധനകാര്യസ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള വായ്പ എത്ര വീതമാണ് ;

(ജി) ഇൻഡ്യയ്ക്ക് പുറത്തുള്ള ഓരോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ ഗവൺമെന്റുകളിൽ നിന്നോ വിദേശ ധനസഹായഏജൻസികളിൽ നിന്നോ വാങ്ങിയിട്ടുള്ള വായ്പയെത്രയാണ് ;

(എച്ച്) ഈ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന വൈദ്യുതി ബോർഡ് വാങ്ങിയ വായ്പയെത്രയാണ് ;

(ഐ) ഇപ്പോൾ പ്രതിവർഷം സംസ്ഥാന വൈദ്യുതി ബോർഡ് പലിശയിനത്തിൽ കൊടുക്കേണ്ട തുകയെത്രയാണ് ?

ഉത്തരം

(എ) 1996-97 വരെ വൈദ്യുതി ബോർഡിന് വായ്പ വാങ്ങാവുന്ന തുകയുടെ പരിധി 950 കോടി രൂപയായിരുന്നു.

(ബി) 1995-96-ലെ ബോർഡിന്റെ വാർഷിക കണക്കുപ്രകാരം വർഷാവസാനം ബോർഡ് പല ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതും ഗവൺമെന്റ് വായ്പയും ഉൾപ്പെടെ കടബാദ്ധ്യത (outstanding balance) 1838.06 കോടി രൂപ ആയിരുന്നു.

(സി) 1995-96-ലെ ബോർഡിന്റെ വാർഷിക കണക്ക് പ്രകാരം മൊത്തം പലിശ ഇനത്തിൽ ബോർഡിന്റെ ആ വർഷത്തെ ചെലവ് 195.75 കോടി രൂപ ആയിരുന്നു.

(ഡി) ഇപ്പോൾ വൈദ്യുതി ബോർഡിന് വായ്പ വാങ്ങാവുന്ന തുകയുടെ പരിധി 3000 കോടി രൂപയാണ്. എന്നാൽ ബോർഡിന്റെ അപേക്ഷപ്രകാരം അത് 4000 കോടി രൂപയായി ഉയർത്താൻ സർക്കാർ നടപടി കൈക്കൊണ്ടു വരുന്നു.

(ഇ) വൈദ്യുതി ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് 31-3-2000 വരെ ബോർഡിന് സർക്കാർ വായ്പ ഉൾപ്പെടെ 3551.10 കോടി രൂപയുടെ കടബാദ്ധ്യതയുണ്ട്.

(എഫ്) 1999-2000-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് ഇൻഡ്യയ്ക്കകത്തുള്ള ഓരോ ധനകാര്യസ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള വായ്പാ ബാദ്ധ്യതയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥാപനം		രൂപ
ഐ.സി.ബി.ഐ.	-	256.12 കോടി
സിഡ്ബി	-	17.13 കോടി
എൽ.ഐ.സി	-	227.30 കോടി
പവർ ഫിനാൻസ് കോർപ്പറേഷൻ നോൺ എസ്.എൽ.ആർ.	-	137.14 കോടി

LIBRARY ARCHIVES Kerala Legislative Assembly

ബോണ്ട്	-	1636.18 കോടി
പബ്ലിക് ബോണ്ട്	-	126.78 കോടി
എച്ച്.ഡി.എഫ്.സി	-	5.86 കോടി
കാൻഫിൻഹോംസ്	-	8.34 കോടി
ആർ.ഇ.സി.	-	500.53 കോടി
ആർ.ഇ.സി.ഒ.ഇ.സി.എഫ്.	-	18.29 കോടി
കോമേഴ്സ്യൽ ബാങ്കുകൾ	-	74.92 കോടി
ടേംലോൺ (കോഴിക്കോട് തെർമൽ പ്രോജക്ട്)	-	61.02 കോടി
കെ.പി.എഫ്.സി	-	30.40 കോടി
		3100.01 കോടി

(ജി) 1999-2000-ലെ ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് ഇൻഡ്യക്ക് പുറത്തുനിന്നുള്ള ധനകാര്യ ഏജൻസികളിൽ നിന്നും ബോർഡ് 31-3-2000 വരെ വാങ്ങിയ വായ്പകളുടെ ബാദ്ധ്യത (outstanding loan) ചുവടെ ചേർക്കുന്നു.

		രൂപ കോടിയിൽ
ഇ.ഡി.സി.	-	135.46
ക്രഡിറ്റ് ലയോണായിസ്	-	155.57
		291.03

(എച്ച്) 19996-97 മുതൽ 1999-2000 വരെ ബോർഡിന്റെ വാർഷിക കണക്കുപ്രകാരം ഓരോ വർഷവും വാങ്ങിയ വായ്പകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. സർക്കാർ വായ്പയൊന്നും പണമായി ലഭ്യമായില്ല. പകരം ബോർഡ് സർക്കാരിന് നൽകാനുള്ള തുകയിൽ തട്ടിക്കഴിക്കയാണ് ഉണ്ടായത്.

		രൂപ കോടിയിൽ		
വർഷം		ധനകാര്യസ്ഥാപനങ്ങൾ		സർക്കാർ
1996-97	-	466.15	-	81.05
1997-98	-	720.04	-	211.05
1998-99	-	1128.87	-	149.65
1999-2000	-	838.68	-	11.05
		(താൽക്കാലിക കണക്ക്)		

LIBRARY ARCHIVES Kerala Legislative Assembly

(ഐ) 1999-2000-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്ക് അനുസരിച്ച് പ്രസ്തുത വർഷം പലിശയിനത്തിൽ ചെലവായ തുക 462.02 കോടി രൂപയാണ്.

വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക

107 (332) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളും വൈദ്യുതി ബോർഡിന് നൽകാനുള്ള തുക കുടിശ്ശികയായതു മൂലം വൈദ്യുതി ബോർഡ് നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഇനങ്ങളിൽ എന്ത് തുകയാണ് ബോർഡിന് നൽകാനുള്ളതെന്ന് അറിയിക്കാമോ ;

(സി) വൈദ്യുതി ബോർഡിന്റെ ചെലവു ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി ബോർഡിന്റെ ഓവർ ഡ്രാഫ്റ്റ്

108 (333) ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വൈദ്യുതി ബോർഡ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട് ;

(സി) ഓവർഡ്രാഫ്റ്റ് എടുത്ത എന്തു തുക ഇപ്പോഴത്തെ നിലയനുസരിച്ച് മടക്കിയടയ്ക്കാനുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly